## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3112 13.03.2017 ൽ മറുപടിയ്ക്ക്**

## ചെറുകിട നാമമാത്ര കർഷക പെൻഷൻ

| ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി | | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) | ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | എ) കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനു പുറമെ കർഷകരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി 2011-12-ൽ ആരംഭിച്ച പെൻഷൻ പദ്ധതിയാണ് ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി. പ്രതിമാസം 400/- രൂപയാണ് 2011-12 കാലയളവിൽ പെൻഷനായി നൽകിയിരുന്നത്. ഈ തുക 2016 ജൂൺ മാസം മുതൽ പ്രാബല്യത്തോടെ 1000/- രൂപയാക്കി ഉയർത്തുകയുണ്ടായി. പുതിയ ബഡ്ജറ്റിൽ ഇത് 1100/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിനുള്ള യോഗ്യതയും മാനദണ്ഡങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) 03.03.2017-ലെ സ.ഉ.(എം.എസ്)28/17/കൃഷി നം. ഉത്തരവ് പ്രകാരം ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റെങ്കിലും കൃഷി ചെയ്യുന്ന/ ചെയ്തുവരുന്നതും പരമാവധി 2 ഹെക്ടർ സ്ഥലം വരെ കൃഷിഭൂമിയുള്ളവരുമായ "കൃഷി മുഖ്യ ഉപജീവനമാർഗ്ഗമാക്കിയ കർഷകന്" ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കും.<br>2. തെരെഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപ ആയിരിക്കും.<br>3. കർഷകന്റെ വാർഷിക വരുമാനം ഒന്നരലക്ഷം രൂപയിൽ താഴെയായിരിക്കണം.<br>4. സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്ക് കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല |

5. കഴിഞ്ഞ പത്ത് കൊല്ലമായി കാർഷിക മേഖലയിൽ അതാത് പഞ്ചായത്തുകളിൽ കൃഷി ചെയ്ത് ജീവിച്ചു വരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.

6. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് 10 വർഷമെങ്കിലും കാർഷിക മേഖലയിൽ ജോലി ചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

7. കർഷക പെൻഷന് അപേക്ഷിക്കുന്ന വ്യക്തിയുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫൈ ചെയ്യേണ്ടതും ഓരോ മാസത്തെയും കാർഷിക വികസന സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും അംഗീകാരം ലഭിക്കുന്ന മാസം മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതുമാണ്.

8. ഒരു കുടുംബത്തിൽ ഭാര്യക്കോ / ഭർത്താവിനോ (ഒരാൾക്ക്) മാത്രമേ കർഷക പെൻഷന് അർഹതയുള്ളൂ. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ മറ്റു വരുമാനങ്ങളില്ലാത്ത പക്ഷം ജീവിത പങ്കാളിയ്ക്ക് പെൻഷൻ നൽകാവുന്നതാണ്.

9. മേൽ നിർദ്ദേശങ്ങൾ നിലവിൽ കർഷക പെൻഷൻ വാങ്ങുന്നവർക്കും ബാധകമായിരിക്കും.

10. മറ്റേതെങ്കിലും പെൻഷനുകളുള്ള പക്ഷം ഒരു പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

11. നിലവിലുള്ള ലിസ്റ്റിൽ നിന്ന് ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതാണ്.

12. പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.

| | | | |
|---|---|---|---|
| സി) | പ്രസ്തുത പെൻഷൻ തുക കുടിശ്ശികയുണ്ടോ;എങ്കിൽ ആയത് കൊടുത്ത് തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | സി) | കർഷക പെൻഷൻ വിവിധ ജില്ലകളിൽ 9 മുതൽ 16 മാസം വരെ കുടിശ്ശികയുണ്ട്. ആയത് കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

S. [signature]

**സെക്ഷൻ ഓഫീസർ**